श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**അക്കാദമിക് സി വിഭാഗം**

01312 / ACDC2 / SSUS / 2026 (3) തീയതി,കാലടി,01-06-2026

## വിജ്ഞാപനം

വിഷയം:- 2026 -2027 അധ്യയന വർഷത്തെ നാലു വർഷ (FYUGP)ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം- സംബന്ധിച്ച്:-

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും 2026 -2027 അധ്യയന വർഷം നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കു യോഗ്യരായ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു .

ബിരുദ പ്രോഗ്രാമുകളായ സംസ്കൃതം-സാഹിത്യം , സംസ്കൃതം - വേദാന്തം . സംസ്കൃതം - വ്യാകരണം , സംസ്കൃതം - ന്യായം , സംസ്കൃതം - ജനറൽ , സംഗീതം , നൃത്തം - ഭരതനാട്യം , നൃത്തം - മോഹിനിയാട്ടം, ഇംഗ്ലീഷ് , മലയാളം , ഹിന്ദി , ഹിസ്റ്ററി , ഉറുദു , ഫിലോസഫി , സോഷ്യൽ വർക്ക്(BSW), എന്നിവ FYUGP രീതിയിലായിരിക്കും നടപ്പിലാക്കുക .മേൽ വിഷയങ്ങളിൽ മൈനർ പ്രോഗ്രാമുകളും വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ് .FYUGP സമ്പ്രദായത്തിൽ പ്രോഗ്രാം പൂർത്തിയാക്കുവാൻ വിദ്യാർഥികൾക്ക് ചുവടെ വിവരിക്കും പ്രകാരം 3 ഓപ്ഷനുകൾ ലഭ്യമാണ് .

**1 മൂന്ന് വർഷ ബിരുദം (3year BA):**പ്രവേശനം നേടി മൂന്നാം വർഷം പ്രോഗ്രാം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് എക്സിറ്റ് ഓപ്ഷൻ ഉപയോഗപ്പെടുത്തി പ്രോഗ്രാം പൂർത്തിയാക്കാവുന്നതാണ്. പ്രസ്തുത വിദ്യാർഥികൾക്ക് തങ്ങളുടെ മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 3 വർഷ ബിരുദം ലഭിക്കുന്നതാണ്.

**2 നാല് വർഷ ബിരുദം (ഓണേഴ്സ് ) 4 year BA Honours::**നാല് വർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഓണേഴ്സ് ബിരുദം ലഭിക്കുന്നതാണ്.

**3 നാല് വർഷ ബിരുദം ഓണേഴ്സ് വിത്ത് റിസർച്ച് 4 year BA Honours with research:** നാലാം വർഷം നിശ്ചിത ക്രെഡിറ്റോടുകൂടി ഗവേഷണ പ്രൊജക്റ്റ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ലഭിക്കുന്നതാണ്.

മുഖ്യ ക്യാമ്പസായ കാലടിയിൽ സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ, ഇംഗ്ലീഷ്. മലയാളം , ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (ബി എസ് ഡബ്ല്യു), സംഗീതം, നൃത്തം-ഭരതനാട്യം, നൃത്തം-മോഹിനിയാട്ടം എന്നീ വിഭാഗങ്ങളിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനം നൽകുന്നു. സർവകലാശാലയുടെ തിരുവനന്തപുരം (സംസ്കൃതം ന്യായം, ഫിലോസഫി, സംസ്കൃതം വേദാന്തം), പന്മന (സംസ്കൃതം വേദാന്തം, മലയാളം), കൊയിലാണ്ടി (സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം ജനറൽ, ഹിന്ദി, ഉറുദു), തിരൂർ (സംസ്കൃതം വ്യാകരണം, ഹിസ്റ്ററി, സോഷ്യൽ വർക്ക്- BSW ), പയ്യന്നൂർ (സംസ്കൃതം സാഹിത്യം, മലയാളം, സോഷ്യൽ വർക്ക്- BSW), ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം, ഹിന്ദി) എന്നീ പ്രാദേശിക കേന്ദ്രങ്ങളിലും ബിരുദ

വിഷയങ്ങളിൽ പ്രവേശനം നടത്തുന്നതാണ്. സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് (മേജർ) പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/ - രൂപ വീതം സ്കോളർഷിപ്പ് നൽകുന്നുണ്ട്.

നൃത്തം-ഭരതനാട്യം, നൃത്തം-മോഹിനിയാട്ടം, സംഗീതം എന്നിവ മുഖ്യ വിഷയമായ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെകൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നടത്തുക. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി General/SEBC വിദ്യാർത്ഥികൾക്ക് 2026 ജനുവരി ഒന്നിന് 23 വയസ്സും SC/ST വിദ്യാർത്ഥികൾക്ക് 25 വയസ്സും ആണ് .

പ്ലസ് ടു/ വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ യോഗ്യതയുള്ളവർക്ക് മേൽ പറഞ്ഞ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷാഫീസ് ജനറൽ/ എസ് ഇ ബി സി അപേക്ഷകർക്ക് 60/- രൂപയും (ഓരോ കേന്ദ്രത്തിലെ ഓരോ പ്രോഗ്രാമിനും) എസ് സി/ എസ് ടി 30/- രൂപ (ഓരോ കേന്ദ്രത്തിലെ ഓരോ പ്രോഗ്രാമിനും).

താല്പര്യമുള്ള വിദ്യാർത്ഥികൾ സർവകലാശാലവെബ്സൈറ്റ് (www.ssus.ac.in) മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതേ വെബ് സൈറ്റിൽ പ്രോസ്പെക്ടസ് ലഭ്യമാകും.

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി 15.06.2026

അപേക്ഷകളുടെ ഹാർഡ് കോപ്പി സർവകലാശാലയ്ക്ക് അയക്കേണ്ടതില്ല.

പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാകും. പ്രോഗ്രാമിന്റെ ഉള്ളടക്കത്തിന് മാറ്റം വരുത്താനുള്ള അധികാരം സർവകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

*Digitally Signed By*
*Dr Mothi George*
*Date:01-06-2026 05:19:0*

രജിസ്ട്രാർ

Note: This document is computer generated
and does not require the signature or the University’s stamp.